ഖുത്ബ
30.3.2007
ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ

# നബി(സ) തിരുമേനിയുടെ മാതൃക

***വ ലില്ലാഹി മുൽക്കുസ്സുമാവാത്തി വൽഅർള് വല്ലാഹു അലാ കുല്ലി ശയ്ഇൻ ഖദീർ*** (3:190).

അല്ലാഹു സകലവസ്തുക്കളുടേയും അധികാരിയാണ്. അവൻ ആകാശത്തിന്റേയും ഭൂമിയുടേയും അധികാരിയാണ്. അവന്റെ നിയന്ത്രണത്തിന് വെളിയിലായി ഒരു വസ്തുവുമില്ല. അല്ലാഹുതആല താൻ മാലിക്കും മലിക്കുമാണെന്നുള്ള മഹനീയ ഗുണത്തെ, വിശുദ്ധഖുർആനിൽ വിവിധരീതിയിൽ വിവിധ വിഷയങ്ങളോടൊപ്പം വിവരിച്ചിരിക്കുന്നു. അല്ലാഹുവിന്റെ ഈ ഗുണത്തെ സംബന്ധിച്ചുള്ള അറിവ് സമ്പാദിക്കുക എന്നത് ഓരോ സത്യവിശ്വാസിയുടേയും നിർബന്ധകടമയായിത്തീരുന്നു. അതോർമ്മ വയ്ക്കുകയും അല്ലാഹുവിനോട് സഹായം തേടുകയും ചെയ്തുകൊണ്ട്, അവൻ പറഞ്ഞിട്ടുള്ള വഴിയിലൂടെ നടക്കുകയും അവനെ ആരാധിക്കുന്നതിലേക്ക് ശ്രദ്ധിക്കുകയും അവന്റെ കല്പനയനുസരിച്ച് പ്രവൃത്തിക്കുകയും അവന്റെ സൃഷ്ടികളോടുള്ള കടമ നിർവഹിക്കുകയും വേണം. അവൻ മാലിക്കിയമൗമിദ്ദീനാണ്. രക്ഷാശിക്ഷയുടെ വിധി ഉണ്ടാകുന്ന നാളിനെ ഭയപ്പെടേണ്ടതാണ്. ബുദ്ധിമാനായ ഒരു മനുഷ്യനും, താൻ ജീവിതത്തിൽ വലിയ സൽക്കർമ്മങ്ങൾ ചെയ്തിട്ടുണ്ടെന്നും താൻ തീർച്ചയായും സ്വർഗ്ഗത്തിൽ പോകുന്നവരിൽപ്പെട്ടവനാണെന്നും ആ നാൾ വാദിക്കാൻ പറ്റുകയില്ല. അങ്ങനെ ആരെങ്കിലും പറഞ്ഞാൽ അയാളെ ജനങ്ങൾ വിഡ്ഢിയെന്നു പറയും.

"ഞാനും അല്ലാഹുവിന്റെ അനുഗ്രഹം കൂടാതെ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല" എന്ന് നബി(സ) തിരുമേനി പറഞ്ഞ ഹദീസ് നമ്മൾ പലപ്പോഴും കേട്ടിട്ടുള്ളതാണ്. സ്വഹാബത്ത് ചോദിച്ചപ്പോൾ പറഞ്ഞു: 'അല്ലാഹുവന്റെ അനുഗ്രഹം എന്നിൽ ഉണ്ടായാൽ ഞാൻ സ്വർഗ്ഗത്തിൽ പോകുന്നതാണ്.'

ആർക്കുവേണ്ടിയാണോ ഈ ഭൂമിയും ആകാശവും സൃഷ്ടിക്കപ്പെട്ടത്, ആരാണോ എല്ലാ നബിമാരേക്കാളും ശ്രേഷ്ഠനും ഖാത്തമുന്നബിയ്യിനും ആയിരിക്കുന്നത്, ***ഇന്നല്ലാഹ വമലായിക്കത്തഹു യുസ്വല്ലൂന അലന്നബിയ്യി യാ അയ്യുഹല്ലദീന ആമനൂ സ്വല്ലൂ അലയ്ഹി വസല്ലിമു തസ്‌ലീമ*** എന്ന് ഏതൊരു വ്യക്തിയെക്കുറിച്ചാണോ പറഞ്ഞിട്ടുള്ളത്- അല്ലാഹു തീർച്ചയായും ഈ നബിയുടെമേൽ തന്റെ കാരുണ്യം ഇറക്കിക്കൊണ്ടിരിക്കുന്നു, അവന്റെ മലക്കുകളും ആ മഹാത്മാവിനുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുന്നു. അതുകൊണ്ട് അല്ലയോ സത്യവിശ്വാസികളേ! നിങ്ങളും അദ്ദേഹത്തിന്റെമേൽ സ്വലാത്തുചൊല്ലിക്കൊണ്ടിരിക്കുക എന്ന് ആരെക്കുറിച്ചാണോ പറഞ്ഞിട്ടുള്ളത്, ആരുടെ പുതുപ്പും വിരിപ്പും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുക എന്നതു മാത്രമായിരുന്നുവോ, രാത്രിയിൽ ഉറക്കമിളച്ച് അല്ലാഹുവിനെ ആരാധിച്ചുകൊണ്ടിരുന്ന കാരണത്താൽ ഏതൊരു വ്യക്തിയുടെ കാലിൽ നീരുവന്നു വീർത്തിരുന്നുവോ, ആരുടെ രാവും പകലും വിശുദ്ധഖുർആന്റെ പ്രവർത്തനപരമായ ചിത്രമായിരുന്നുവെന്ന് ഹദ്റത്ത് ആയിശ(റ) പറഞ്ഞുവോ, ആരെക്കുറിച്ച് ***വ ഇന്നക്ക ലഅലാ ഖുലുഖിൻ അളിം*** (നീ ഏറ്റവും ഉന്നതമായ ജീവിതമാതൃകയിലാണുള്ളത്) എന്ന് അല്ലാഹു സാക്ഷി പറയുകയും വിളംബരം ചെയ്യുകയും ചെയ്തുവോ അങ്ങനെയുള്ള വ്യക്തിയാണ് പറയുന്നത് താനും അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടുമാത്രമേ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയുള്ളൂവെന്ന്.

പിന്നീട് അല്ലാഹു നബി(സ)യെക്കൊണ്ട് ഇങ്ങനെ വിളംബരം ചെയ്യിക്കുന്നു. ***ഖുൽഇന്നസ്സ്വലാത്തീ വ നുസുക്കീ വ മഹ്‌യായ വ മമാത്തി ലില്ലാഹി റബ്ബിൽ ആലമീൻ.*** നീ അവരോട് പറയുക. എന്റെ നമസ്കാരവും എന്റെ ത്യാഗവും എന്റെ ജീവിതവും എന്റെ മരണവും അല്ലാഹുവിനുവേണ്ടി മാത്രമാണ്. അവൻ മുഴുലോകത്തിന്റേയും പരിപാലകനാണ്. ഈ എല്ലാ ഈടും ഉണ്ടായിട്ടും എല്ലാ കർമ്മവും ഉണ്ടായിട്ടും തന്റേയും മറ്റുള്ളവരുടേയും സാക്ഷ്യങ്ങൾ ഉണ്ടായിട്ടും ഉള്ളിൽ ഭയമാണ്. അല്ലാഹുവിന്റെ വാഗ്ദാനത്തിൽ ദൃഢവിശ്വാസം ഇല്ലാത്തതുകൊണ്ടല്ല അത്. മറിച്ച്, അല്ലാഹുവിന്റെ മഹനീയ ഗുണങ്ങളെക്കുറിച്ച് ഏറ്റവും കൂടുതൽ മനസ്സിലാക്കിയിരുന്നത് അവിടന്നായിരുന്നു. അല്ലാഹുവിന്റെ മാലിക്കിയ്യത്തിനെക്കുറിച്ചും അവൻ മാലിക്കീയൗമിദ്ദീൻ ആണെന്നതിനെക്കുറിച്ചുമുള്ള യഥാർത്ഥ അറിവ് നബി(സ)യ്ക്കാണ് ഉണ്ടായിരുന്നത്. അതുകൊണ്ട് അവിടന്ന് എപ്പോഴും അല്ലാഹുവിന്റെ കാരുണ്യം

തേടിയിരുന്നു. ഇത് നബി(സ) വിശ്വാസികളെ ഉപദേശിക്കുകയും ചെയ്തു. അതുകൊണ്ട്, മാലിക്കിയൗമിദ്ദീനോട്, അവന്റെ അനുഗ്രഹവും കാരുണ്യവും അപേക്ഷിച്ചെങ്കിൽ മാത്രമേ മനുഷ്യന് രക്ഷയുള്ളൂ. ഏത് കർമ്മമാണ് അല്ലാഹുവിന്റെ പക്കൽ സ്വീകാരാർഹമെന്ന് ആർക്കാണ് അറിയുക. എന്തു ഉദ്ദേശ്യത്തോടെയാണ് നന്മ ചെയ്തതെന്ന് ആർക്കാണറിയുക. ഓരോ മനുഷ്യന്റേയും മാനസികാവസ്ഥ അല്ലാഹുവാണ് ഏറ്റവുമധികം അറിയുന്നവൻ; ചിലർ ചെയ്യുന്ന കാര്യങ്ങൾ സൽക്കർമ്മമാണെന്ന് മറ്റുള്ളവർക്ക് തോന്നാമെങ്കിലും അല്ലാഹുവാണ് അവന്റെ നിയ്യത്ത് എന്താണെന്ന് അറിയുന്നത്. നബി(സ) തിരുമേനി ഈ എല്ലാ കാര്യങ്ങളും ചെയ്തിട്ടും അല്ലാഹുവിൽനിന്ന് വാഗ്ദാനം ഉണ്ടായിട്ടും അല്ലാഹുവിനെ ഇത്രമാത്രം ഭയപ്പെട്ടിരുന്നുവെങ്കിൽ, സാധാരണ ഒരു മനുഷ്യൻ അല്ലാഹുവിനെ എത്രമാത്രം ഭയപ്പെടേണ്ട ആവശ്യമുണ്ട്.

അല്ലാഹു, താൻ മാലിക്കിയൗമിദ്ദീനാണെന്ന് വെളിവാക്കുകയും രക്ഷയും ശിക്ഷയും തന്റെ കൈയിലാണെന്ന് പറയുകയും പാപികൾക്ക് പൊറുത്തുകൊടുക്കാൻ തനിയ്ക്ക് കഴിയുമെന്നും താൻ പൊറുത്തുകൊടുക്കുമെന്നും അറിയിക്കുന്നതിനോടൊപ്പം, ആകാശത്തിന്റേയും ഭൂമിയുടേയും അധികാരം തന്റേതാണെന്നും ഓരോ വസ്തുവിലും തന്റെ നിയന്ത്രണമുണ്ടെന്നും താൻ ആദ്യന്തരഹിതനാണെന്നും അതിൽ ഒരു കുറവും ഉണ്ടായിട്ടില്ലെന്നും ഉണ്ടാകുകയുമില്ലെന്നും സത്യവിശ്വാസികളായ നമ്മളോട് അവൻ പറഞ്ഞു. എന്നിട്ട് തന്റെ കല്പനയനുസരിച്ച് പ്രവൃത്തിച്ച്, തന്റേതായി മാത്രം ആയിക്കൊണ്ട് എല്ലാതരം കടമകളും നിറവേറ്റുകയാണെങ്കിൽ തന്റെ രക്ഷയിലായിരിക്കുമെന്നും എല്ലാ ഉപദ്രവങ്ങളിൽനിന്നും രക്ഷിക്കുമെന്നും അറിയിക്കുകയും ചെയ്തു.

അല്ലാഹു പറയുന്നു: ഇക്കാര്യം മനസ്സിലാക്കിക്കൊണ്ട് എന്റെ കല്പനയനുസരിച്ച് പ്രവർത്തിക്കുക. ഇല്ലെങ്കിൽ എനിക്കെതിരിൽ മറ്റാരുടെയെങ്കിലും രക്ഷ തേടാൻ ശ്രമിച്ചാൽ നഷ്ടത്തിലാകും. നിങ്ങൾക്ക് സ്ഥിരമായ അധികാരം നല്കാൻ ആർക്കും സാധ്യമല്ല. ഈ ലോകത്തെ താൽക്കാലികമായ വസ്തുക്കൾ നിങ്ങൾക്ക് നല്ലതായി തോന്നുന്നു. പക്ഷേ, രക്ഷാശിക്ഷയുടെ നാൾ നിങ്ങൾക്ക് അഭയം നല്കാൻ ഒന്നും ഉണ്ടാകുകയില്ല.

നിഷേധത്തിൽ തിമിർക്കുന്നവർക്ക് ഒരു അഭയകേന്ദ്രവുമില്ല. അല്ലാഹു തന്റെ ആധിപത്യത്തിൽ കാരുണ്യത്തിന്റെ വെളിച്ചം കാണിക്കുന്നവനാണെങ്കിലും ഈ അക്രമങ്ങളിൽ അതിരുകടക്കുന്നവർക്ക് രക്ഷാശിക്ഷയുടെ നാൾ വളരെ കഠിനതരമായിരിക്കും. ആ നാളിൽ അല്ലാഹുവിന്റെ കാരുണ്യം പ്രാപിക്കണമെങ്കിൽ അവൻ പറഞ്ഞിട്ടുള്ള വഴികളിലൂടെ നടക്കുക. അവൻ സർവ്വശക്തനാണ് അതുകൊണ്ട് നമ്മുടെ എന്തെങ്കിലും തെറ്റ് കാരണത്താൽ നമ്മെ പിടിക്കുമോ എന്നുള്ള ഭയം എപ്പോഴും ഉണ്ടായിരിക്കണം. അതിനാൽ, ആകാശത്തിന്റേയും ഭൂമിയുടേയും അധികാരിയോട് എപ്പോഴും കാരുണ്യം തേടിക്കൊണ്ടിരിക്കേണ്ടതാണ്. പാപങ്ങളും തെറ്റുകളും ഉണ്ടാകുന്നതിനോടൊപ്പം, അവന്റെ പൊറുമ പ്രതീക്ഷിച്ചുകൊണ്ടിരിക്കണം. കാരണം അവൻ മാലിക്കും രാജാവുമാണ്. താൻ നീതിയേക്കാൾ ഉപരിയായി അനുഗ്രഹവും ഔദാര്യവും ചെയ്യുന്നുവെന്ന് അവൻ പറഞ്ഞിരിക്കുന്നു. നീതി മാത്രമാണെങ്കിൽ ഒരുപാടാളുകൾ പിടിക്കപ്പെടാവുന്നതാണ്.

പറയുന്നു: ഒരാളുടെമേൽ കൊലക്കുറ്റം ചുമത്തപ്പെട്ടു. അയാൾ നിരപരാധിയായിരുന്നു. അയാൾ അല്ലാഹുവിനോടു പ്രാർത്ഥിച്ചു. അല്ലാഹുവേ, നീതി കാണിച്ചാലും. എന്നെ ഈ ശിക്ഷയിൽനിന്ന് രക്ഷിച്ചാലും. ഞാനിത് ചെയ്തിട്ടില്ലെന്ന് നിനക്കറിയാം. അല്ലാഹു അയാളുടെ ദുആ സ്വീകരിക്കാറുണ്ടായിരുന്നു. അയാൾ നിരപരാധിയായിരുന്നു എന്നിട്ടും തൂക്കിക്കൊല്ലാനുള്ള വിധി പുറപ്പെടുവിച്ചു. വീണ്ടും അല്ലാഹുവിനോടു അയാൾ ദുആ ചെയ്തു. “അല്ലാഹുവേ നീ നീതി കാണിക്കുന്നവരിൽ ഏറ്റവും വലിയ നീതി കാണിക്കുന്നവനാണല്ലോ. നിനക്കറിയാം ഞാനീ കുറ്റം ചെയ്തിട്ടില്ലെന്ന്. അപ്പോൾ പറയപ്പെട്ടു. നീ നീതിയാണ് ചോദിച്ചത്. നീതിയെന്നു പറയുന്നത് നിനക്ക് കിട്ടിയതുതന്നെയാണ്. നീ ഇന്ന് തെറ്റായ ഒരു കാര്യത്തിൽ പിടിക്കപ്പെട്ടു. അല്ലെങ്കിൽ ശിക്ഷ കേൾപ്പിക്കപ്പെട്ടു. പക്ഷേ, ഇന്ന സമയത്ത്, നീ ഒരു മൃഗത്തെ അല്ലെങ്കിൽ കീടത്തെ അക്രമപരമായ നിലയിൽ കൊന്നിരുന്നു. ആ ദുഷ്കർമ്മത്തിന് പകരമാണ് ഇന്ന് നിന്നോട് ഇങ്ങനെ പെരുമാറുന്നത്.

അതുകൊണ്ട് നാം ഭയപ്പെടേണ്ട സ്ഥാനമാണിത്. ഞാൻ പറഞ്ഞതുപോലെ തങ്ങൾ വലിയ സൽക്കർമ്മം ചെയ്തുവെന്ന് ചിലർ മനസ്സിലാക്കുന്നു. അല്ലെങ്കിൽ സൽക്കർമ്മം ചെയ്യുന്നവരെന്ന് മനസ്സിലാക്കിക്കൊണ്ടിരിക്കുന്നു. അവരിൽനിന്നും തെറ്റുകൾ ഉണ്ടാകാറുണ്ട്. അതുകൊണ്ട് രക്ഷാശിക്ഷയുടെ നേരത്ത്, ഇക്കാര്യം എപ്പോഴും മുന്നിൽവെച്ചുകൊണ്ട് അല്ലാഹുവിൽനിന്ന് കാരുണ്യവും അനുഗ്രഹവും തേടേണ്ടതാണ്; അല്ലാഹുവിന്റെ പൊറുമയുടെ മടിത്തട്ടിൽ വരുന്നതിനുവേണ്ടി. നബി(സ) തിരുമേനി തന്റെ ജീവിതചര്യകൊണ്ട്, തന്റെ പ്രാർത്ഥനകൾ കൊണ്ട് നമുക്ക് ഇക്കാര്യം മനസ്സിലാക്കിത്തന്നിരി

ക്കയാണ്. അതായത്, അല്ലാഹുവിനെ എപ്പോഴും ഭയപ്പെട്ടുകൊണ്ടിരിക്കുക. അതുമാത്രമാണ് ഓർമ്മവയ്ക്കാൻ പറ്റിയ സംഗതി.

ഹദ്റത്ത് ആയിശ(റ) അവിടത്തെ ഒരു പ്രാർത്ഥനയെക്കുറിച്ച് പറഞ്ഞു: അവിടന്ന് ആ പ്രാർത്ഥന എല്ലാ നമസ്കാരത്തിലും ചൊല്ലാറുണ്ടായിരുന്നു. ***സുബ്ഹാനക്കല്ലാഹുമ്മ റബ്ബനാ വബിഹംദിക്ക അല്ലാഹുമ്മഗ്ഫിർലീ*** ഞങ്ങളുടെ രക്ഷിതാവായ അല്ലാഹുവേ, നിന്റെ സ്തുതിയോടുകൂടി നിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. അല്ലാഹുവേ എനിക്ക് പൊറുത്തുതന്നാലും.

പൊറുക്കലും കരുണയും അനുഗ്രഹവുമാണ് വാങ്ങേണ്ടത്; അല്ലാതെ നീതിയും ന്യായവുമല്ല. കാരണം നമ്മളെക്കാൾ നമ്മുടെ ഉള്ളറിയുന്നവൻ അല്ലാഹുവാണ്. കല്പനയനുസരിച്ച് പ്രവർത്തിച്ചുകൊണ്ട്, അവകാശമെന്ന നിലയിലല്ല, മറിച്ച് അനുഗ്രഹം എന്ന നിലയിൽ അല്ലാഹുവിനോട് അപേക്ഷിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അല്ലാഹു മാലിക്കിയൗമിദ്ദീൻ എന്നു പറഞ്ഞതെന്തിനാണ്. ആദിലിയൗമിദ്ദീൻ എന്ന് എന്തുകൊണ്ട് പറഞ്ഞില്ല. അറിയുക. ഇതിലുള്ള രഹസ്യം, സത്യം അംഗീകരിക്കാത്തിടത്തോളംകാലം നീതിയുടെ സങ്കല്പം ഉണ്ടാകുക സാധ്യമല്ല. സർവലോകപരിപാലകനായ അല്ലാഹുവിൽ ആർക്കും ഒരവകാശവുമില്ല. പരലോകത്തെ മോക്ഷം അല്ലാഹുവിൽനിന്ന്, അവനിൽ വിശ്വസിക്കുന്നവർക്കുള്ള ഒരു വരദാനം മാത്രമാണ്. ആ വിശ്വാസികൾ അവനെ അനുസരിക്കുന്നതിനും അവന്റെ കല്പനകൾ സ്വീകരിക്കുന്നതിനും അവനെ ആരാധിക്കുന്നതിനും അവന്റെ ജ്ഞാനം കരസ്ഥമാക്കുന്നതിനുമായി, അത്ഭുതകരമായ വേഗത്തിൽ ചുവടുകൾ മുന്നോട്ടുവെച്ചു."

അതുകൊണ്ട് എല്ലാ കല്പനയുമനുസരിച്ച് പ്രവർത്തിച്ചാലും അത്ഭുതകരമായ നിലയിൽ നന്മയിലേക്ക് അതിദ്രുതം ചുവടുകൾ മുന്നോട്ടുവെച്ചാലും, അല്ലാഹുവിൽനിന്ന് കിട്ടുന്ന സൽഫലം അവകാശമല്ല. മറിച്ച് അല്ലാഹുവിൽനിന്നുള്ള വരദാനമാണ്. ഔദാര്യമാണ്. ബുദ്ധിമാനായ ഒരു മനുഷ്യനും വരദാനത്തേയും ഔദാര്യത്തേയും അവകാശമെന്ന് മനസ്സിലാക്കുകയില്ല. ഈ വരദാനത്തിന്റെ പരമമായ അവസ്ഥ ഉണ്ടാകുന്നതിനെക്കുറിച്ചും അവന്റെ മാലിക്കിയ്യത്തിന്റെ പ്രകാശം അവന്റെ സീമയോളം എത്തുന്നതിനെക്കുറിച്ചും ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

"അനുസരണത്തെ അതിന്റെ പൂർണ്ണമായനിലയിൽ എത്തിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും, ഇബാദത്തിന്റെ പൂർണ്ണമായ ഉത്തരവാദിത്തം നിറവേറ്റാൻ സാധിച്ചിട്ടില്ലെങ്കിലും, ഈശ്വരകാരുണ്യത്തിന്റെ യാഥാർത്ഥ്യം പൂർണ്ണമായും മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും, ആ കാര്യങ്ങൾ കരസ്ഥമാക്കുന്നതിന് ഉൽക്കടമായ ആഗ്രഹം ഉണ്ടാകുകയും അതിനായി ശ്രമിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അല്ലാഹു അത്തരക്കാർക്ക് സൽഫലം നല്കുന്നു. കാരണം ഇത് അവന്റെ വരദാനവും ഔദാര്യവുമാണ്. ആർക്കും എന്തും കൊടുക്കാൻ അധികാരിക്ക് അവകാശമുണ്ട്. അല്ലാഹു വെറും നീതി മാത്രം കാണിക്കുന്നവനാണെങ്കിൽ, അല്ലാഹുവിന്റെ കാരുണ്യത്തിൽനിന്ന് അവർക്ക് ഒന്നും പ്രാപിക്കാനാകുകയില്ല. അവർ വെറും ശ്രമിക്കുന്നവർ മാത്രമായിരിക്കും. കാരണം അത്തരക്കാർ അവരുടെ ശ്രമംകൊണ്ട് ആ സ്ഥാനം പ്രാപിക്കുകയില്ല. തിന്മ ചെയ്യുന്നവരെക്കുറിച്ച് അവിടന്ന് പറഞ്ഞു: ആരാണോ തിന്മ ചെയ്തുകൊണ്ടിരിക്കുന്നത്, അതിൽ മകിച്ചുകൊണ്ടേപോയത് അത്തരക്കാർ ദൈവശിക്ഷയുടെ ഉള്ളിൽ പാർക്കുന്നവരാണ്. മാലിക്ക്, പൂർണ്ണഅധികാരമുള്ളവനാണ്. അതിനാൽ, നീതിയേക്കാളുപരി ഔദാര്യം ചെയ്യാൻ കഴിയുന്നു. എപ്പോഴും പൊറുമയും ഔദാര്യവും ഇരക്കേണ്ടതാണ്. ഇല്ലെങ്കിൽ നീതി, ഞാൻ ഒരുദാഹരണം പറഞ്ഞതുപോലെയായിരിക്കും വെളിപെടുക. എന്നാൽ, തിന്മ ചെയ്യുന്നവരും ശാഠ്യം പിടിക്കാതെ നന്മയിലേക്ക് ചുവടുവയ്ക്കാൻ തുടങ്ങിയാൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ സ്വരുക്കൂട്ടുന്നവരായിത്തീരും. അവൻ പറയുന്നു:

"തങ്ങൾ വല്ല നീചകൃത്യവും ചെയ്യുകയോ അല്ലെങ്കിൽ തങ്ങളുടെ ആത്മാക്കളോട് അതിക്രമം പ്രവർത്തിക്കുകയോ ചെയ്താൽ അല്ലാഹുവിനെ സ്മരിക്കുകയും എനിട്ട് തങ്ങളുടെ പാപപ്പൊറുതിക്കുവേണ്ടി പ്രാർത്ഥിക്കുകയും- അല്ലാഹുവല്ലാതെ പാപം പൊറുക്കുന്നവൻ മറ്റാരുണ്ട്?- ചെയ്തുകഴിഞ്ഞ തെറ്റുകളിൽ ബോധപൂർവ്വം ഉറച്ചുനില്ക്കാതിരിക്കുകയും ചെയ്യുന്നവരാണ് അവർ" (3:136).

ശാഠ്യം പിടിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ പിടിത്തത്തിന്റെ കീഴെ വരുന്നതാണ്. അതുകൊണ്ട് ഇത്രവലിയ അധികാരിയുടെ മുന്നിൽ കുനിയാതിരിക്കുക എന്നത് എത്ര വലിയ നിർഭാഗ്യതയാണ്. അല്ലാഹുവിന്നെതിരിൽ മറ്റു ദൈവങ്ങളെ ഉണ്ടാക്കിവച്ചിരിക്കുന്നവർക്കും അല്ലാഹു ബുദ്ധി നല്കുമാറാകട്ടെ. ഈ ബുദ്ധി അവർക്കു കിട്ടിയാൽ, പിന്നെ അനശ്വരനായ ഒരേയൊരു ദൈവമേ അവശേഷിക്കുകയുള്ളൂ. അവൻ സർവ്വശക്തനാണ്. ഈ ആകാശത്തിലും ഭൂമിയിലും അവന്റെ രാജാധികാരമാണ്. അവനിലേക്കു

തന്നെയാണ് നമ്മൾ മടങ്ങിചെല്ലേണ്ടതും. അവനു പുറമെ, ആരെ നിങ്ങൾ സഹായിയും സുഹൃത്തുമാക്കുന്നുവോ, അവർ നിങ്ങൾക്ക് പ്രയോജനപ്പെടുകയില്ല. അതുകൊണ്ട് ആ സർവ്വശക്തനായ അല്ലാഹുവിന്റെ മുമ്പിൽ കുനിയുക. അവന്റെ ഔദാര്യത്തിൽനിന്ന്, രക്ഷാശിക്ഷയുടെ നാൾ അനുഗ്രഹം പ്രാപിക്കുക.

ഹദ്റത്ത് മൗലാനാ ഗുലാം റസൂൽ സാഹിബ് രാജകി(റ) തന്റെ ഗ്രന്ഥമായ ഹയാത്തെ ഖുദ്സിയിൽ ഹദ്റത്ത് മീർ നാസിർ നവാബ് സാഹിബ്(റ) പറഞ്ഞതായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞ ഒരു ചരിത്രസംഭവം വിവരിച്ചിരിക്കുന്നു. അതിൽനിന്ന് അല്ലാഹു എങ്ങനെയാണ് ഈ ലോകത്തും രക്ഷാശിക്ഷാ വിധിക്കുന്നതെന്ന് മനസ്സിലാകുന്നുണ്ട്. എഴുതുന്നു: ഹദ്റത്ത് ദാവൂദ്(റ)ന്റെ കാലത്ത് നടന്ന സംഭവമാണ്.

ഒരു മുറിയിൽ സദാ അല്ലാഹുവിനെ ആരാധിച്ചുകൊണ്ടിരുന്ന ഒരു ദർവേശുണ്ടായിരുന്നു. ഏകനായിരുന്ന് ഉപാസനാകർമ്മങ്ങളിൽ ഏർപ്പെടുന്നത് അദ്ദേഹത്തിന് ഏറെ ഇഷ്ടമായിരുന്നു. ഒരു ദിവസം അദ്ദേഹം ദൈവസ്മരണയിൽ മുഴുകിയിരിക്കുമ്പോൾ പശുയിറച്ചി കിട്ടിയിരുന്നെങ്കിൽ തിന്നാമായിരുന്നു എന്ന അതിയായ ആഗ്രഹം അദ്ദേഹത്തിനുണ്ടായി. ഈ ആഗ്രഹം അതിന്റെ മൂർദ്ധന്യാവസ്ഥയിലായിരുന്നപ്പോൾ യുവത്വത്തിലേക്ക് കടക്കാൻ പ്രായമായി വരുന്ന ഒരു പശുക്കുട്ടി സ്വയം അദ്ദേഹത്തിന്റെ മുറിയിലേക്ക് കടന്നുചെന്നു. അത് കടന്നയുടനെ തന്റെ ആഗ്രഹമനുസരിച്ച് അല്ലാഹുവിൽനിന്ന് വന്നതാണതെന്ന് അദ്ദേഹം കരുതി. അദ്ദേഹം തന്റെ ആഗ്രഹം പൂർത്തിയാക്കുന്നതിനായി അതിനെ അറുത്തു. അറുത്തുടനെ മീതെനിന്ന് ഒരാൾ വന്നു. അയാൾ ദ്വേഷ്യത്തോടെ പറഞ്ഞു. “ഇതെന്റെ മൃഗമാണ്. താങ്കളെന്തിനാണ് അതിനെ അറുത്തത്? താങ്കൾ ഇതിനെ കട്ടുകൊണ്ടുവന്ന് അറുത്തതല്ലേ? ഇത് കുറ്റകൃത്യമാണ്. ഞാൻ ഇതിനെതിരെ കേസ് കൊടുക്കും.” അങ്ങനെ അയാൾ വാദിയായിക്കൊണ്ട് ഹദ്റത്ത് ദാവൂദ്(അ)ന്റെ കോടതിയിൽ കേസ് ഫയൽ ചെയ്തു. കോടതി വാദി, കുറ്റവാളിയെന്ന് പറഞ്ഞ ആളെ വിളിച്ചുവരുത്തി. ഹദ്റത്ത് ദാവൂദ്(അ) ആ ദർവേശിനോട് ചോദിച്ചു. ഇയാൾ താങ്കളുടെമേൽ കുറ്റം ആരോപിച്ചിരിക്കുകയാണ്. താങ്കളെന്തിനാണ് അങ്ങനെ ചെയ്തത്? അപ്പോൾ ആ ദർവേശ് പറഞ്ഞു. എന്റെ കുട്ടിക്കാലത്ത് എന്റെ പിതാവ് കച്ചവടത്തിനായി ഏതോ നാട്ടിൽ പോയിരുന്നു. അതിനുശേഷം ഞാൻ യുവാവായി. കാലം ഒരുപാട് കടന്നു. ഞാൻ കുറച്ച് പഠിക്കുകയും അല്ലാഹുവിന്റെ ചിലയാളുകളുമായി ബന്ധം സ്ഥാപിക്കുകയും ചെയ്തുകൊണ്ട് ഏകാന്തജീവിതം സ്വീകരിച്ചു. അങ്ങനെ ഞാൻ ദൈവസ്മരണയിൽ മുഴുകിയിരിക്കുമ്പോൾ പശുയിറച്ചി തിന്നാൻ അതിയായ മോഹം എനിക്കുണ്ടായി. അങ്ങനെയിരിക്കുമ്പോൾ ഒരു പശുക്കുട്ടി എന്റെ മുറിയിൽ വന്നുകയറി. അല്ലാഹു എന്റെ ആഗ്രഹം പൂർത്തിയാക്കാൻ വേണ്ടി എന്റെ മുറിയിലേക്ക് ആ പശുക്കുട്ടിയെ അയച്ചതാണെന്ന് ഞാൻ കരുതി. അതുകൊണ്ട് ഞാൻ അതിനെ അറുത്തു. അപ്പോൾ ഇയാൾ മുകളിൽനിന്ന് ഓടിവന്ന് ദ്വേഷ്യത്തോടെ പറഞ്ഞു: ‘നീ എന്റെ മൃഗത്തെ മോഷ്ടിച്ചു. എന്നിട്ട് അറുക്കുകയും ചെയ്തു. ഞാൻ കോടതിയിൽ കേസ് കൊടുക്കുന്നതാണ്. അങ്ങനെയാണ് ഇയാൾ എനിക്കെതിരിൽ കേസ് കൊടുത്തത്. ഇനി കോടതിക്ക് എന്തു വേണമെങ്കിലും വിധിക്കാവുന്നതാണ്. ആ ദർവേശിന്റെ നിഷ്കളങ്കതയും ഭക്തിയും ദാവൂദ്(അ)നെ വല്ലാതെ സ്വാധീനിച്ചു. വാദിയും പ്രതിയും ഇന്ന തിയ്യതിക്ക് വിധി കേൾക്കാൻ വരണമെന്ന് പറഞ്ഞ് രണ്ടുപേരോടും അപ്പോൾ പൊയ്ക്കൊള്ളാൻ കല്പിച്ചു.

അവർ രണ്ടുപേരും പോയ്ക്കഴിഞ്ഞപ്പോൾ ദാവൂദ്(അ) അല്ലാഹുവിനോട് ദുആ ചെയ്തു: എന്റെ അല്ലാഹുവേ, എന്റെ കോടതിയിൽനിന്ന് ഏതെങ്കിലും കേസ്സിനെ സംബന്ധിച്ച് അനീതിപരമായ വിധിയുണ്ടാകുന്നത് നിന്റെ പക്കൽ അക്രമപരമാണെങ്കിൽ ഞാനത് ഇഷ്ടപ്പെടുന്നില്ല. ഈ കേസിൽ നീ എനിക്ക് മാർഗ്ഗദർശനം നല്കിയാലും. യാഥാർത്ഥ്യം നീ എനിക്ക് വെളിപ്പെടുത്തിത്തന്നാലും. ദാവൂദ്(അ) അങ്ങേയറ്റം വേദനയോടെ ദുആ ചെയ്തപ്പോൾ അല്ലാഹുവിൽനിന്ന് അറിയിപ്പുണ്ടായി. “ആ ദർവേശു പറഞ്ഞതെല്ലാം ശരിക്കും സത്യമാണ്. ദൈവസ്മരണയുടെ അവസ്ഥയിൽ ആ ദർവേശിന്റെ മനസ്സിൽ അങ്ങനെയൊരാഗ്രഹമിട്ടത് നാം തന്നെയാണ്. നമ്മുടെ നിയന്ത്രണത്താൽതന്നെയാണ് ആ പശുക്കുട്ടി അദ്ദേഹത്തിന്റെ മുറിയിൽ കടന്നുചെന്നത്. നമ്മുടെ ആഗ്രഹമനുസരിച്ചുതന്നെയാണ് അദ്ദേഹം അതിനെ അറുത്തതും. ഈ എല്ലാ പരിപാടികളും നമ്മുടെതന്നെ പ്രത്യേക തീരുമാനമനുസരിച്ചാണ് സംഭവിച്ചത്. യാഥാർത്ഥ്യിതാണ് ആ ദർവേശിന്റെ പിതാവ് വലിയ വ്യാപാരിയായിരുന്നു. വിദേശത്ത് ദീർഘകാലം കച്ചവടം ചെയ്ത് അയാൾ ലക്ഷക്കണക്കിന് രൂപ സമ്പാദിച്ചു. ഒരുപാട് ആടുമാടുകളും അയാൾക്കുണ്ടായി. അയാൾ തിരിച്ച് നാട്ടിലേക്ക് വരികയായിരുന്നു. ഈ നന്ദികെട്ട വാദി ആ ദർവേശിന്റെ പിതാവിന്റെ വേലക്കാരനായിരുന്നു. ഈ വ്യാപാരി തന്റെ പട്ടണത്തിന്റെ അടുത്തുള്ള ഒരു മൈതാനത്തിലിറങ്ങി അവിടെ കിടന്നുറങ്ങി. അപ്പോൾ ഈ നന്ദി

കെട്ടവൻ തന്റെ കഠാരകൊണ്ട്– അതിന്റെമേൽ അയാളുടെ പേര് കുത്തിയിരുന്നു– ആ വ്യാപാരിയെ കുത്തിക്കൊന്നു. എന്നിട്ട് ആ മൈതാനത്തിന്റെ ഒരു മൂലയിൽ ഒരു ചെറിയ കുഴിയെടുത്ത് അയാളെ അതിൽ വലിച്ചിട്ട് മൂടി. ഹദ്റത്ത് ദാവൂദ്(അ)ന് ദർശനത്തിൽ ആ മൈതാനവും ആ കത്തിയും രക്തം പുരണ്ട വസ്ത്രവും കുഴിച്ചിട്ട സ്ഥലവുമെല്ലാം അല്ലാഹു കാണിച്ചുകൊടുത്തു. അവൻ പറഞ്ഞു: നാമിതെല്ലാം ചെയ്യിച്ചത് ആ ഘാതകന്റെ പക്കൽ എത്രത്തോളം സ്വത്തും സമ്പത്തും പണവുമുണ്ടോ അതെല്ലാം ആ വധിക്കപ്പെട്ട വ്യാപാരിയുടെ മകനായ ഈ ദർവേശിന്റേതാണെന്ന് തെളിയിക്കാനാണ്. ദർവേശിന്റെ പിതാവിന്റെ ഘാതകനായ ഇയാളെ പിടിക്കാനും വധശിക്ഷ കൊടുക്കാനുമാണ്."

കോടതിയിൽ ഹാജരാകേണ്ട നിശ്ചിതദിവസം വന്നെത്തി. വാദിയും പ്രതിയും കോടതിയിൽ ഹാജരായി. വാദിയോട് ദാവൂദ്(അ) ആ ദർവേശിന് പൊറുത്തുകൊടുക്കാൻ പല പ്രാവശ്യം പറഞ്ഞുവെങ്കിലും അയാൾ തയ്യാറായില്ല. അയാൾ പരിഹസിച്ചുകൊണ്ട് പറഞ്ഞു: 'നോക്ക്, ഇതാണ് കോടതി. ഇങ്ങനെയുമുണ്ടോ ഒരു കോടതി? കുറ്റവാളിയെ ശിക്ഷിക്കുന്നതിനു പകരം വാദിയെകൊണ്ട് മാപ്പ് കൊടുപ്പിക്കാൻ ശ്രമിക്കുന്നു. ഇങ്ങനെ ഒരു നീതി ഇതിനുമുമ്പേ ഞാൻ കേട്ടിട്ടില്ല, കണ്ടിട്ടുമില്ല.'

ഹദ്റത്ത് ദാവൂദ്(അ) ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ടും വാദിയായ ആ മനുഷ്യൻ നീതി നീതി എന്ന് പറഞ്ഞ് ബഹളം വച്ചുകൊണ്ടിരുന്നു. അപ്പോൾ ദാവൂദ്(അ) പറഞ്ഞു. എന്നാൽ, ഇനി നാം നീതി തന്നെ നടപ്പാക്കിക്കൊള്ളാം. പട്ടാളക്കാരനോട്, ആ വാദിയുടെ കൈയിൽ വിലങ്ങ് വെച്ച് ഇന്ന മൈതാനത്തേക്ക് കൊണ്ടുവരാൻ ദാവൂദ്(അ) കല്പിച്ചു. അവിടെ എത്തിയപ്പോൾ അയാളോട് ചോദിച്ചു. ഈ കബ്ർ ആരുടേതാണ്? അയാളുടെ ഘാതകനാരാണ്? ദാവൂദ്(അ) ഘാതകന്റെ പേരെഴുതിയ കത്തിയെ സംബന്ധിച്ചും രക്തം പുരണ്ട വസ്ത്രത്തെ സംബന്ധിച്ചുമെല്ലാം കുഴി തോണ്ടുന്നതിനു മുമ്പേ പറഞ്ഞു. ഈ വാദിയാണ് ആ ദർവേശിന്റെ പിതാവിനെ കൊന്നതെന്ന് എന്നെ അറിയിക്കുകയും കാണിക്കുകയും ചെയ്തിരിക്കുന്നു. പറഞ്ഞതും കാണിച്ചതും പോലെ തന്നെ തൊണ്ടിസാധനങ്ങളെല്ലാം കണ്ടെടുത്തു. ദാവൂദ്(അ) അതിനുള്ള പ്രതിക്രിയ എന്ന നിലയിൽ ആ ഘാതകന് വധശിക്ഷ വിധിച്ചു. അപ്പോൾ, താൻ കുറ്റം ആരോപിച്ച വ്യക്തിക്ക് മാപ്പ് കൊടുക്കുന്നുവെന്നും കേസ് പിൻവലിക്കുന്നുവെന്നും അയാൾ അറിയിക്കുകയും തനിക്ക് മാപ്പ് തരണണെന്ന് അപേക്ഷിക്കുകയും ചെയ്തു. ഹദറത്ത് ദാവൂദ്(അ) പറഞ്ഞു. ഇനി മാപ്പ് തരാൻ പറ്റില്ല. ഇപ്പോൾ നീ നീതി നീതി എന്ന് പറഞ്ഞ് ബഹളം വെക്കുകയായിരുന്നില്ലേ? ഇനി ആ നീതിയാണ് നടപ്പിലാക്കുക. അതനുസരിച്ചായിരിക്കും കോടതി നടപടി. അതിനുശേഷം ഘാതകന് വധിശിക്ഷ കേൾപ്പിച്ചു. ദർവേശിന്റെ പിതാവിനെ കൊന്ന അതേ കത്തികൊണ്ടുതന്നെ അയാളേയും കൊന്നു. അയാളുടെ എല്ലാ സ്വത്തും യഥാർത്ഥ അവകാശിയായ ദർവേശിന് നല്കി. വളരെ ദുർഘടം പിടിച്ച ഒരു കേസിന്റെ കുരുക്കഴിച്ച് അല്ലാഹു സത്യം വെളിപ്പെടുത്തി. തന്നിൽനിന്ന് ശരിയായ നീതി നടപ്പിലാക്കി. ഭക്തനും സാത്വികനുമായ ഒരു മർദ്ദിതന്റെ സത്യം വെളിപ്പെടുത്തുകയും ചെയ്തു.

സത്യസന്ധതയോടെ സാധുജീവിതം നയിക്കുകയും അല്ലാഹുവിനെ ആരാധിക്കുകയും ചെയ്തുകൊണ്ടിരുന്ന ദർവേശിന് അല്ലാഹു അതിനുള്ള പ്രതിഫലം നല്കി. കുറ്റവാളി തനിക്ക് സംഭവിച്ച തെറ്റ് അംഗീകരിച്ചിരുന്നെങ്കിൽ, അല്ലാഹുവിന്റെ ഇഷ്ടദാസൻ അവന്റെ പ്രതിച്ഛായയാണല്ലോ, അയാളുടെ മേൽ കരുണ കാണിക്കുമായിരുന്നു. പക്ഷേ, അയാൾ തെറ്റായ കാര്യത്തിൽ ശാഠ്യം പിടിക്കുകയും, മറ്റുള്ളവരെ വഞ്ചിച്ചുകൊണ്ടിരിക്കുകയും ചെയ്ത കാരണത്താൽ ശിക്ഷക്കിരയായി. ഞാൻ പറഞ്ഞതുപോലെ സൽക്കർമ്മിയായ മനുഷ്യന് പ്രതിഫലം ലഭിക്കുകയും ചെയ്തു.

ഇനി ഞാൻ ചില ഹദീസുകൾ കേൾപ്പിക്കാം. ഇതിൽ അല്ലാഹുവിന്റെ ഈ ഗുണത്തിൽനിന്ന് എങ്ങനെയാണ് ഫലമെടുക്കേണ്ടതെന്ന് നബി(സ) നമ്മെ പഠിപ്പിച്ചിരിക്കുന്നു. ആമിർ(റ) നിവേദനം ചെയ്യുന്നു. അദ്ദേഹം നുഅ്മാൻ ബിൻ ബശീർ ഇങ്ങനെ പറയുന്നതായി കേട്ടു. നബി(സ) പറഞ്ഞു.

(മതദൃഷ്ട്യാ) അനുവദനീയമായ കാര്യങ്ങൾ വ്യക്തമാണ്. നിഷിദ്ധമായ കാര്യങ്ങളും സ്പഷ്ടമാണ്. അവ രണ്ടിന്റേയും മധ്യേ സാദൃശ്യമുള്ള ചില കാര്യങ്ങളുണ്ട്. മനുഷ്യരിൽ മിക്ക ആളുകൾക്കും അതേതാണെന്ന് തിരിച്ചെടുക്കാനുള്ള കഴിവില്ല. അതുകൊണ്ട് അത്തരം ശുബഹാത്തുകളെ സൂക്ഷിച്ചു ജീവിക്കുന്നവനാരോ അവന് തന്റെ അഭിമാനത്തേയും മതത്തേയും സംരക്ഷിക്കാൻ കഴിഞ്ഞു. മറിച്ച്, ശുബഹാത്തുകളിൽ വല്ലവനും അകപ്പെട്ടുപോയെങ്കിലോ? അവന്റെ നില സുരക്ഷിതമായ മേച്ചിൽ സ്ഥലത്തിന്റെ പരിസരത്ത് (കാലികളെ) മേയ്ക്കുന്നവനെ പോലെയാണ്. അവനതിൽ വീണുപോകാനിടയുണ്ട്. അറിയുക: എല്ലാ രാജാക്കന്മാർക്കും ഓരോ സുരക്ഷിത സങ്കേതങ്ങളുണ്ട്. ഭൂമിയിൽ അല്ലാഹുവിന്റെ സുരക്ഷിത സ്ഥലം അവൻ നിഷിദ്ധമാക്കിയ കാര്യങ്ങളാണ്. നിങ്ങളോർക്കണം. മനുഷ്യശരീരത്തിൽ ഒരു

മാംസപിണ്ഡമുണ്ട്. അത് നല്ലതാണെങ്കിൽ ശരീരം മുഴുവനും നന്നായി. മറിച്ച്, അത് ദുഷിച്ചതാണെങ്കിലോ ശരീരം മുഴുവനും ദുഷിക്കുകയും ചെയ്തു. ഓർക്കുക. അതത്രെ ഹൃദയം. (ബുഖാരി, മുസ്ലിം)

അല്ലാഹു ചെയ്യാൻ പറഞ്ഞതും ചെയ്യരുതെന്ന് പറഞ്ഞതുമനുസരിച്ച് ജീവിക്കുക എന്നത് രക്ഷാശിക്ഷയുടെ നാൾ ആ മാലിക്കിയൗമിദ്ദീന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കാൻ ഉതകുന്നതായിരിക്കും. ഇല്ലെങ്കിൽ അല്ലാഹുവിന്റെ ശിക്ഷയ്ക്ക് വിധേയനാകാനിടയുണ്ട്. ഹൃദയത്തെക്കുറിച്ചും പറഞ്ഞു: അതായത് നിങ്ങളുടെ ഹൃദയത്തിൽനിന്നാണ് നന്മ ഉയരുന്നത്. അതിൽതന്നെയാണ് തിന്മ വളരുന്നതും. അതുകൊണ്ട് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാകണമെങ്കിൽ, അതിനെ എല്ലാതരം മാലിന്യങ്ങളിൽനിന്നും പരിശുദ്ധമാക്കുക. ചിലത് കണ്ടിട്ട്, മനുഷ്യൻ തിന്മയിലേക്ക് ചാഞ്ഞുപോകാറുണ്ട്. എന്തു തിന്മയിലാണ് വീഴാൻ പോകുന്നതെന്ന ബോധം അവനുണ്ടാകുകയില്ല. അതുകൊണ്ട് എപ്പോഴും ഹൃദയത്തെ വീക്ഷിച്ചുകൊണ്ടിരിക്കേണ്ടതാണ്. രക്ഷയ്ക്ക് പാത്രമാകുന്നതും ശിക്ഷയ്ക്ക് വിധേയമാകുന്നതും ഈ ഹൃദയം തന്നെയാണെന്ന് മനസ്സിലാക്കുക.

അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി പറഞ്ഞു. ദിക്റ് ചൊല്ലുന്നവരെ (ദൈവസ്മരണയിൽ മുഴുകുന്നവരെ) അന്വേഷിച്ചുകൊണ്ട് വഴികളിൽ ചുറ്റിക്കൊണ്ടിരിക്കുന്ന ചില മലക്കുകൾ അല്ലാഹുവിനുണ്ട്. അങ്ങനെ അല്ലാഹുവിനെ സ്മരിക്കുന്ന ആളുകളെ കണ്ടുമുട്ടിയാൽ നിങ്ങളുടെ ലക്ഷ്യത്തിലേക്ക് നിങ്ങൾ വരൂ എന്ന് പറഞ്ഞുകൊണ്ട് തങ്ങളുടെ ചിറകുകളെ വിരുത്തി അവർ (മലക്കുകൾ) ഒന്നാനാകാശംവരെ അവരെ പൊതിയുന്നതാണ്. അന്നേരം അവരെ സംബന്ധിച്ച് റബ്ബ് മലക്കുകളോട് ചോദിച്ചറിയും– അവന്നാണെങ്കിൽ നല്ലപോലെ അറിയാം– എന്റെ അടിമകൾ എന്തു പറയുന്നു? മലക്കുകൾ പറയും. അവർ നിന്നെ കീർത്തനം ചെയ്യുകയും നിനക്ക് തക്ബീർ ചൊല്ലുകയും നിന്നെ സ്തുതിക്കുകയും നിന്നെ വന്ദിക്കുകയും ചെയ്യുന്നു. അല്ലാഹു ചോദിക്കും. അവർ എന്നെ കണ്ടിട്ടുണ്ടോ? മലക്കുകൾ അല്ലാഹുവാണ, അവർ നിന്നെ കണ്ടിട്ടില്ല. അല്ലാഹു പറയും, അവർ എന്നെ കണ്ടിട്ടുണ്ടെങ്കിലോ? മലക്കുകൾ പറയും. അവർ നിന്നെ കണ്ടിട്ടുണ്ടെങ്കിൽ നിന്നെ കൂടുതൽ ആരാധിക്കുകയും കൂടുതൽ വന്ദിക്കുകയും കൂടുതൽ കീർത്തിക്കുകയും ചെയ്യും. അപ്പോൾ അല്ലാഹുതആല ചോദിക്കും, എന്താണവരുടെ ലക്ഷ്യം? മലക്കുകൾ പറയും. സ്വർഗ്ഗമാണ് അവരുടെ ലക്ഷ്യം. അല്ലാഹു ചോദിക്കും. അത് അവർ കണ്ടിട്ടുണ്ടോ? മലക്കുകൾ പറയും. അല്ലാഹുവാണ, അവർ അത് കണ്ടിട്ടില്ല. അവർ അത് കണ്ടാലോ? മലക്കുകൾ പറയും. അവർ അത് കണ്ടാൽ വളരെക്കൂടുതൽ അത്യാഗ്രഹമുള്ളവരും ആഗ്രഹമുള്ളവരും ആയിത്തീരും. അല്ലാഹു ചോദിക്കും, എന്തിൽനിന്നാണ് അവർ രക്ഷതേടുന്നത്? മലക്കുകൾ പറയും. നരകത്തിൽനിന്നാണ് അവർ രക്ഷ തേടുന്നത്. അത് അവർ കണ്ടിട്ടുണ്ടോ? മലക്കുകൾ പറയും. അല്ലാഹുവാണ, അവർ അത് കണ്ടിട്ടില്ല. അവർ അത് കണ്ടാലോ? മലക്കുകൾ പറയും. അവർ അത് കണ്ടാൽ അവിടെനിന്ന് അവർ അതിശീഘ്രം ഓടിയൊളിക്കുകയും കഠോരമായി ഭയപ്പെടുകയും ചെയ്യും. അപ്പോൾ അല്ലാഹു പറയും. എന്നാൽ, ഞാൻ അവർക്ക് പൊറുത്തുകൊടുക്കുന്നു. അതിന് നിങ്ങളെ ഞാൻ സാക്ഷിനിറുത്തിയിരിക്കുന്നു. അന്നേരം ഒരു മലക്ക് പറയും അവരിൽ ഉൾപ്പെടാത്ത ഒരാളുണ്ടല്ലോ? മറ്റെന്തോ ആവശ്യത്തിനുവേണ്ടി വന്നതായിരുന്നു അയാൾ. അല്ലാഹു പറയും: അവർ ഉത്തമസുഹൃത്തുക്കളാണ്. അവരോടൊപ്പം ഇരിക്കുന്നവരും ഹതഭാഗ്യരാകയില്ല. അയാൾക്കും ഞാൻ പൊറുത്തുകൊടുത്തു (ബുഖാരി, മുസ്ലിം). ഇതാണ് മാലിക് അഥവാ അധികാരിയുടെ ഔദാര്യവും സമ്മാനവും. ഉത്തമരായ ആളുകളോടൊപ്പം ഇരിക്കുന്നവർക്കും അവൻ പൊറുത്തുകൊടുക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ, നമ്മൾ കാണാതെതന്നെ, താനാഗ്രഹിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നു.

ഇവിടെ നീതിയുടെ പ്രശ്നമില്ല. ഇവിടെ ഔദാര്യം വിതരണം ചെയ്യപ്പെടുകയാണ്. അവന്റെ ഔദാര്യം അവന്റെ മാലിക്കിയ്യത്ത്, ആധിപത്യം എന്ന മഹനീയഗുണത്തിന്റെ അടിസ്ഥാനത്തിൽ പ്രകടമാക്കി. ആ ഉത്തമരായ ആളുകളുടെ ഇടയിൽ ഇരിക്കുന്നവർക്കും അല്ലാഹു പൊറുത്തുകൊടുക്കുകയും അനുഗ്രഹം എത്തിക്കുകയും ചെയ്യുന്നു.

അല്ലാഹു തന്റെ മാലിക്കിയ്യത്ത് എന്ന മഹനീയഗുണമനുസരിച്ച് തന്റെ ദാസരുടെ നല്ലതും ചീത്തയുമായ കർമ്മങ്ങളുടെ അടിസ്ഥാനത്തിൽ അവരോട് എങ്ങനെയാണ് പെരുമാറുന്നതെന്ന് നോക്കുക. രക്ഷാശിക്ഷയുടെ നാൾ സമർപ്പിക്കുന്നതിനായി എങ്ങനെയാണ് അവരുടെ നന്മയും തിന്മയും അവൻ എഴുതി രേഖപ്പെടുത്തുന്നത്. അതിലും എന്തുമാത്രം ഇളവുണ്ടെന്ന് നോക്കുക.

ഹദ്റത്ത് ഇബ്നു അബ്ബാസ് (റ) നിവേദനം ചെയ്യുന്നു. അല്ലാഹു പറഞ്ഞതായി നബി(സ) തിരുമേനി അരുൾ ചെയ്തു: "അല്ലാഹു നന്മ തിന്മകളെ എഴുതി രേഖപ്പെടുത്തി. പിന്നീട് അത് പറഞ്ഞുതരികയും ചെയ്തു. ആരാണോ നന്മ ചെയ്യാൻ ഉദ്ദേശി

ച്ചത്, പക്ഷേ അതയാൾക്ക് ചെയ്യാൻ കഴിഞ്ഞില്ല. പക്ഷേ, അല്ലാഹു അയാൾക്കായി ഒരു നന്മ എഴുതുന്നതാണ്. (നന്മ ചെയ്യാൻ ഉദ്ദേശിച്ചതേയുള്ളൂ ചെയ്യാൻ കഴിഞ്ഞില്ല പക്ഷേ, നന്മയിൽ അത് പെട്ടു.) അയാൾ അത് ചെയ്യാനുദ്ദേശിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്താൽ അല്ലാഹു തന്റെ പക്കൽനിന്ന് അയാൾക്ക് 10 മുതൽ 700 ഇരട്ടിവരെ എന്നല്ല, അതിനേക്കാൾ, കൂടുതൽ നന്മകൾ എഴുതുന്നു. ആരെങ്കിലും തിന്മ ചെയ്യാൻ ഉദ്ദേശിക്കുകയും, പക്ഷേ, അത് ചെയ്യാതിരിക്കുകയും ചെയ്താൽ അല്ലാഹു തന്റെ പക്കൽനിന്ന് അയാൾക്കായി ഒരു നന്മ എഴുതുന്നു. (തിന്മ ചെയ്യാൻ തീരുമാനിച്ചു. പക്ഷേ, അത് ചെയ്തില്ല, അല്ലാഹു ഒരു നന്മ എഴുതി) ആരെങ്കിലും അത് ചെയ്യാൻ തീരുമാനിച്ചുകൊണ്ട് അത് ചെയ്യുകയാണെങ്കിൽ അല്ലാഹു അയാളുടെ ഒരു തിന്മയായി അതിനെ കണക്കിൽക്കൊള്ളിക്കുന്നു."

അല്ലാഹുവിന്റെ ഈ മാലിക്കിയ്യത്ത് എന്ന മഹനീയഗുണമനുസരിച്ചാണ് അവൻ മനുഷ്യരോട് ഔദാര്യം കാണിക്കുകയും അനുഗ്രഹം നല്കുകയും ചെയ്യുന്നത്. നമുക്കറിയാം, ഈ മഹനീയഗുണം മനുഷ്യൻ സ്വായത്തമാക്കേണ്ടതാണ്. സ്വാംശീകരിക്കേണ്ടതാണ്. നബി(സ) തിരുമേനി ഏറ്റവും കൂടുതൽ ഈ മഹനീയഗുണങ്ങൾ തന്റെ ജീവിതത്തിൽ പ്രകടിപ്പിക്കുന്നയാളായിരുന്നുവെന്ന് നമുക്കറിയാവുന്നതാണ്. അതിനുള്ള ഒന്നുരണ്ടുദാഹരണം ഞാൻ പറയാം. അവിടന്ന് അറേബ്യയിലെ രാജാവായിക്കഴിഞ്ഞപ്പോൾ ആധിപത്യവും കഴിവും ഉണ്ടായിരുന്നിട്ടും, ശത്രുക്കളോടുപോലും ഔദാര്യത്തോടെ പെരുമാറിയിരുന്നു.

ഇക്രിമ ബിൻ അബൂജഹ്ലിന്റെ സംഭവം വളരെ പ്രസിദ്ധമാണ്. അദ്ദേഹത്തെ വധിക്കാൻ നബി(സ) കല്പന പുറപ്പെടുവിച്ചിരുന്നു. അതിനുകാരണം, അദ്ദേഹത്തിന്റെ പിതാവായ അബൂജഹ്ൽ മുസ്ലിംകളെ വളരെയധികം ബുദ്ധിമുട്ടിച്ചിരുന്നു. ക്രൂരമായി പെരുമാറുന്നവരിൽ ഇദ്ദേഹവും പെട്ടിരുന്നു. നബി(സ) തിരുമേനി തന്നെ വധിക്കാൻ കല്പന പുറപ്പെടുവിച്ചിരിക്കുന്നുവെന്ന് ഇക്രിമ അറിഞ്ഞപ്പോൾ അദ്ദേഹം യമനിലേക്ക് ഓടിപ്പോയി. അദ്ദേഹത്തിന്റെ ഭാര്യയും അദ്ദേഹത്തിന്റെ പിന്നാലെ തിരക്കിപ്പോയി, അദ്ദേഹത്തിന്റെ അമ്മാവനായ ഹാരിസ് ബിൻ ഹിശാമിന്റെ മകളായിരുന്നു അവർ. അവർ ആദ്യമേ ഇസ്ലാം സ്വീകരിച്ചിരുന്നു. ഇക്രിമ വഞ്ചിയിൽ കയറുന്നതിനുമുമ്പേ അവർ അദ്ദേഹത്തെ പിടിച്ചു. എന്റെ അമ്മാവന്റെ മകനേ, ഞാൻ താങ്കളുടെയടുക്കൽ വന്നെത്തിയിരിക്കുകയാണ്. (ഭർത്താവ് എന്ന് പറഞ്ഞില്ല) ഏറ്റവും കൂടുതൽ കുടുംബബന്ധം പുലർത്തുന്ന, ഏറ്റവും കൂടുതൽ നന്മ പ്രവർത്തിക്കുന്ന, ജനങ്ങളിൽ ഏറ്റവും ഉത്തമനായ ഒരു മനുഷ്യന്റെയടുക്കൽ നിന്നാണ് ഞാൻ വരുന്നത്. താങ്കൾ സ്വയം താങ്കളെ നശിപ്പിക്കരുത്. ഞാൻ താങ്കൾക്കുവേണ്ടി സംരക്ഷണം എടുത്തിരിക്കുന്നു. (പോകുന്നതിനു മുമ്പേ അവർ നബി(സ) തിരുമേനിയിൽനിന്ന് അദ്ദേഹത്തിനുവേണ്ടി സംരക്ഷണം എടുത്തുകൊണ്ടാണ് പോയത്) ശരി, അദ്ദേഹത്തെ കൂട്ടിക്കൊണ്ട് വരിക എന്ന് നബി(സ) അവരോട് പറഞ്ഞിരുന്നു.

പലതും സംസാരിച്ച്, വളരെ ബുദ്ധിമുട്ടി ഇക്രിമ തന്റെ ഭാര്യയോടൊപ്പം തിരിച്ചുവന്നു. നബി(സ)യുടെ തിരുസന്നിധിയിൽ ഹാജരായിക്കൊണ്ട് ചോദിച്ചു. ഏ, മുഹമ്മദ്(സ) എന്റെ ഭാര്യ എന്നോട് പറഞ്ഞിരിക്കുന്നു താങ്കൾ എനിക്ക് സംരക്ഷണം നല്കിയിരിക്കുന്നുവെന്ന്! അവർ ശരിയാണ് പറഞ്ഞതെന്ന് നബി(സ) തിരുമേനി പറഞ്ഞു. താങ്കൾക്ക് സംരക്ഷണം നല്കപ്പെട്ടിരിക്കുന്നു. അത് കേട്ടുടനെ ഇക്രിമ, കലിമ ചൊല്ലി. അശ്ഹദുഅൻല്ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാശരീക്കലഹു. പിന്നീട് ഇക്രിമ, ലജ്ജകൊണ്ട് തന്റെ തലകുനിച്ചു. അപ്പോൾ നബി (സ) പറഞ്ഞു: ഇക്രിമാ! എന്റെ അധികാരത്തിൽപ്പെട്ട ഓരോ വസ്തുവിൽനിന്നും താങ്കൾ എന്ത് ചോദിച്ചാലും ഞാൻ അതിൽനിന്ന് താങ്കൾക്ക് നല്കുന്നതാണ്. (എന്റെ അധികാരപരിധിയിൽപ്പെട്ടതിൽനിന്ന് താങ്കൾ ചോദിച്ചാൽ ഞാൻ തരുന്നതാണ്) ഇക്രിമ പറഞ്ഞു. ഞാൻ താങ്കളോട് ചെയ്തുകൊണ്ടിരുന്ന എന്റെ എല്ലാ അതിക്രമങ്ങളും താങ്കൾ എനിക്ക് മാപ്പാക്കിത്തരിക. അപ്പോൾ നബികരീം(സ) പറഞ്ഞു. ***അല്ലാഹുമ്മഗ്ഫ്ർലി ഇക്രിമത്ത കുല്ല അദാവത്തിൻ*** അല്ലാഹുവേ, എന്നോട് ഇക്രിമ ചെയ്തുകൊണ്ടിരുന്ന എല്ലാ അതിക്രമങ്ങളും അദ്ദേഹത്തിന് പൊറുത്തുകൊടുത്താലും. അല്ലെങ്കിൽ ഇങ്ങനെ പറഞ്ഞു. ഇക്രിമ എന്നെക്കുറിച്ച് എന്താണോ പറഞ്ഞുകൊണ്ടിരുന്നത് അദ്ദേഹത്തിന് പൊറുത്തുകൊടുത്താലും.

മക്കാവിജയത്തിന്റെ സന്ദർഭത്തിൽത്തന്നെ, നബി(സ) തിരുമേനി പ്രസംഗത്തിൽ പറഞ്ഞതായി ചരിത്രത്തിൽ വന്നിരിക്കുന്നു.

അല്ലയോ ഖുറയ്ശീ സംഘമേ! ജാഹിലിയ്യ കാലഘട്ടത്തിലെ നിങ്ങളുടെ വെറുപ്പിനെ അല്ലാഹു അവസാനിപ്പിച്ചിരിക്കുന്നു. പൂർവ്വികരായ ആളുകളെ സ്മരിച്ചുകൊണ്ട് അവർക്ക് ആദരവ് നല്കിയിരിക്കുന്നു. എല്ലാവരും ആദമിന്റെ മക്കളാണ്. ആദം മണ്ണിൽ നിന്ന് സൃഷ്ടിക്കപ്പെട്ടു. പിന്നീട് നബി(സ) ഈ വചനം പാരായണം ചെയ്തു. ***യാ അയ്യുഹന്നാസു ഇന്നാ ഖലഖ്നാക്കും മിൻ ദകരിൻ ഔ ഉൻസാ ജഅൽനാക്കും ശുഊബൻ വ്വ ഖബായിലെ ലിതആ***

*റഹൂ*. അല്ലയോ ജനങ്ങളേ തീർച്ചയായും നാം നിങ്ങളെ ആണിൽനിന്നും പെണ്ണിൽനിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കിയിരിക്കുന്നു; നിങ്ങൾ അന്യോന്യം പരിചയപ്പെടുന്നതിനുവേണ്ടി. തീർച്ചയായും അല്ലാഹുവിന്റെ പക്കൽ നിങ്ങളിൽവച്ചേറ്റവും ബഹുമാന്യൻ നിങ്ങളിൽവച്ചേറ്റവും ഭയഭക്തിയുള്ളവനാകുന്നു. നിശ്ചയമായും അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മജ്ഞനുമാണ് (49:14). പിന്നീട് പറഞ്ഞു:

അല്ലയോ ഖുറയ്ശികളേ, നിങ്ങൾ എന്നിൽ നിന്ന് ഏതുരീതിയിലുള്ള പെരുമാറ്റമാണ് പ്രതീക്ഷിക്കുന്നത്. ഖുറയ്ശികൾ പറഞ്ഞു: ഞങ്ങൾ താങ്കളിൽ നിന്ന് സഹോദരനോടുള്ള പെരുമാറ്റമാണ് പ്രതീക്ഷിക്കുന്നത്. കാരണം താങ്കൾ ഞങ്ങളുടെ ആദരണീയനായ സഹോദരനാണ്. ആദരണീയനായ സഹോദരന്റെ മകനുമാണ്. ഒരു നിവേദനത്തിൽ ഇങ്ങനേയും വന്നിട്ടുണ്ട്. സുഹയ്ൽബിൻ അംറ്, ഈ ചോദ്യത്തിന് മറുപടിയായി പറഞ്ഞു. "താങ്കൾ നല്ല കാര്യങ്ങൾ ചെയ്യുന്നു. താങ്കളിൽനിന്ന് നല്ല പ്രതീക്ഷയാണ് ഞങ്ങൾക്കുള്ളത്. കാരണം അങ്ങ് ഒരു ബഹുമാന്യസഹോദരനും ബഹുമാന്യസഹോദരന്റെ മകനുമാണ്. അങ്ങേയ്ക്ക് ഞങ്ങളുടെമേൽ അധികാരമുണ്ട്." ഖുറയ്ശികളുടെ ഈ മറുപടി കേട്ട് നബി(സ) തിരുമേനി പറഞ്ഞു. "എന്റെ സഹോദരൻ യൂസുഫ് പറഞ്ഞതുപോലെ ഞാൻ നിങ്ങളോട് പറയുന്നു. ***ലാ തഥ്‌രീബ അലയ്ക്കുമുൽയൗം യഗ്ഫിറുലക്കും വഹുവ അർഹമുർറാഹിമീൻ***. ഇന്ന് നിങ്ങളുടെ പേരിൽ ഒരു കുറ്റാരോപണവുമില്ല. അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരും. അവൻ കാരുണ്യവാന്മാരിൽവെച്ച് ഏറ്റവുമധികം കരുണ ചെയ്യുന്നവനാണ് (12:93).

പോകുക, നിങ്ങളെല്ലാവരും ഇന്ന് സ്വതന്ത്രരാണ്. പറയുന്നു: നബി(സ) തിരുമേനി ഇത് പറഞ്ഞയുടനെ, ഖബ്റുകളിൽനിന്ന് പുറത്തുവന്നതുപോലെ അവർ ഇറങ്ങിപ്പോയി. പിന്നീട് അവർ ഇസ്‌ലാം സ്വീകരിച്ചു.

വിജയവും ആധിപത്യവും കിട്ടി അവിടന്ന് രാജാവായപ്പോഴുള്ള അവിടത്തെ പെരുമാറ്റം ഈ നിലയിലായിരുന്നു.

അല്ലാഹു നമുക്കും, അവന്റെ മഹനീയഗുണങ്ങളുടെ, ഈ യഥാർത്ഥ പ്രതിബിംബത്തിന്റെ മാതൃകയനുസരിച്ച് ജീവിച്ചും, നമ്മുടെ ആത്മാവിനെ നിയന്ത്രിച്ചും ഓരോരുത്തരുടേയും പരിധിക്കുള്ളിൽനിന്നും പരസ്പരം നല്ലരീതിയിൽ പെരുമാറാൻ തൗഫീഖ് നല്കുമാറാകട്ടെ. രക്ഷാശിക്ഷയുടെ നാൾ, അല്ലാഹുവിന്റെ കാരുണ്യവും പൊറുമയും ആകർഷിച്ചെടുക്കുന്ന നിലയിലുള്ള കർമ്മങ്ങളുമായി അവന്റെ സന്നിധിയിൽ ഹാജരാകാൻ സൗഭാഗ്യം തന്നരുളുമാറാകട്ടെ.

നമ്മുടെ ഒരു സജീവപ്രവർത്തകൻ ചൗദ്ദരി അബ്ദുൽ ലത്തീഫ് സാഹിബ് ഓവർസിയർ മിനിയാന്ന് റബ്‌വയിൽ വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാഇലൈഹി റാജിഊൻ. ഇദ്ദേഹത്തിന്റെ കുടുംബത്തിൽ അദ്ദേഹം മാത്രമായിരുന്നു അഹ്മദി. അഹ്മദിയ്യത്ത് സ്വീകരിച്ച കാരണത്താൽ അദ്ദേഹത്തിന്റെ ബന്ധുക്കളും സഹോദരങ്ങളും അദ്ദേഹത്തിന് അവകാശമായി കിട്ടേണ്ട എല്ലാ സ്വത്തുക്കളും നിഷേധിച്ചു. ബയ്അത്ത് ചെയ്തതിനുശേഷം അദ്ദേഹം വസിയ്യത്തും ചെയ്തു. ജീവിതവും ജമാഅത്തിനായി വഖ്ഫ് ചെയ്തു. തഹ്‌രീകെ ജദീദിലാണ് ജോലി ചെയ്തിരുന്നത്. റബ്‌വയിൽ ജനവാസം തുടങ്ങിയ ഘട്ടത്തിൽ, ഇദ്ദേഹം ഉണ്ടായിരുന്നു. എല്ലാ പ്ലാനുകളും പദ്ധതികളും തയ്യാറാക്കുന്ന ടീമിൽ ഇദ്ദേഹം അംഗമായിരുന്നു. കഠിനാധ്വാനം ചെയ്തു. എന്നല്ല റബ്‌വയിലെ ഓരോ പ്ലോട്ടിനെക്കുറിച്ചും ഓരോ വഴിയെക്കുറിച്ചും ഓരോ മുക്കും മൂലയും അദ്ദേഹത്തിന് മനഃപാഠമായിരുന്നു. കാരണം അദ്ദേഹം തന്റെ സ്വന്തം കൈകൊണ്ടാണ് അതെല്ലാം ചെയ്തത്. തന്റെ പ്രവൃത്തിയിൽ ഒരുവിട്ടുവീഴ്ചക്കും തയ്യാറില്ലാത്ത പ്രകൃതിയായിരുന്നു. കഠിനാധ്വാനിയായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. കാരണം റബ്‌വയിലെ ആദ്യകാല ജനങ്ങളിൽപെട്ടയാളാണ്. ഏതായാലും റബ്‌വയുടെ പേരിനോടൊപ്പം ഇദ്ദേഹത്തിന്റെ പേരും സ്മരിക്കപ്പെടുന്നതാണ്. ജുമുഅ നമസ്കാരത്തിനുശേഷം ഇൻശാ അല്ലാഹ് അദ്ദേഹത്തിന്റെ ജനാസ നമസ്കരിക്കുന്നതാണ്.


Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 30.3.2007 at Baithulfutuh, London

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123 Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala